


# നിത്യജീവന്റെ വഴിയേ...

നിയമാ. 18:13 – 18; ഏശയ്യ 48:12 – 20; ഹെബ്രാ. 6:9 – 15; യോഹ. 3:14 – 21

ബ്ര. ഷെബിൻ കുമ്പിളുവേലിൽ MCBS

Vol. 11, Issue: 39

ദനഹാക്കാലം അഞ്ചാം ഞായറാഴ്ചയിൽ, നിത്യജീവൻ നൽകുവാനായി ലോകത്തിലേയ്ക്കു വന്ന മിശിഹാ, താൻ ആരാണെന്നും ഈ ലോകത്തിലേയ്ക്കു വന്നതിന്റെ ലക്ഷ്യമെന്താണെന്നും നമ്മെ ബോദ്ധ്യപ്പെടുത്തുന്ന സുവിശേഷഭാഗത്തെക്കുറിച്ച് കൂടുതൽ ചിന്തിക്കുവാനും ധ്യാനിക്കുവാനുമാണ് തിരുസഭാമാതാവ് നമ്മെ ഓർമ്മപ്പെടുത്തുക. വേദപുസ്തകത്തിൽ നിക്കൊദേമൂസുമായുള്ള സംഭാഷണത്തിൽ, നിത്യജീവൻ പ്രാപിക്കുവാനായി നാം പാലിക്കേണ്ട കാര്യങ്ങളെക്കുറിച്ചാണ് ഇന്നത്തെ സുവിശേഷത്തിലൂടെ ഈശോ നമ്മെ പഠിപ്പിക്കുക. അതുപോലെ തന്നെ ഈ ലോകത്തെ മുഴുവൻ രക്ഷയിലേയ്ക്ക് നയിക്കാനുള്ള ഈശോയുടെ വരവിനെക്കുറിച്ചും, വിശ്വാസികളായ നമ്മുടെ മുമ്പിൽ 'ഇതാ, ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു' എന്ന് പറഞ്ഞുകൊണ്ട് തന്നെത്തന്നെ വെളിപ്പെടുത്തിയ ഈശോയെ എന്റെയും നിങ്ങളുടെയുമൊക്കെ ജീവിതത്തിൽ മാതൃകയാക്കേണ്ട, ആവശ്യകതയെക്കുറിച്ചുള്ള ഒരു ഓർമ്മപ്പെടുത്തലാണ് ഇന്നത്തെ വചനഭാഗത്തിന്റെ കാതലായി നിൽക്കുന്നത്.

ഇന്നത്തെ വചനഭാഗത്തിനു പിന്നിൽ വളരെ അർത്ഥവത്തായ രണ്ട് ചിന്തകളാണുള്ളത്. ഒന്നാമതായി, ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവർക്കും നിത്യജീവനുണ്ട് എന്ന് തിരുവചനം അടിവരയിട്ടു പറയുന്നു. യോഹന്നാന്റെ സുവിശേഷം 3-ാം അദ്ധ്യായം 16-ാം തിരുവചനം "എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു." ക്രിസ്തുവിൽ വിശ്വസിക്കുന്ന നമുക്ക് നിത്യജീവൻ നൽകിക്കൊണ്ട് തന്റെ ഏകജാതനെപ്പോലും ലോകത്തിലേയ്ക്ക് അയച്ചുകൊണ്ട് ഈ ലോകത്തിന് നിത്യരക്ഷ നൽകുവാൻ കടന്നുവന്ന ദൈവത്തിന്റെ ഒരു വാങ്മയചിത്രമാണ് യോഹന്നാൻ ശ്ലീഹാ വരച്ചുകാട്ടുക.

നിത്യജീവൻ പ്രാപിക്കുവാൻ നാം എന്തുചെയ്യണമെന്നത് ഒരുപക്ഷേ, നമ്മുടെയുള്ളിൽ പലപ്പോഴും ഒരു ചോദ്യചിഹ്നമായി നിലനിൽക്കുന്നുണ്ടാകും. നടപടി പുസ്തകത്തിൽ 16-ാം അദ്ധ്യായം 30-ാം തിരുവചനത്തിൽ ഇതേ ചോദ്യം ത ന്നെ ഉന്നയിക്കുന്നുണ്ട്. കാരാഗൃഹത്തിൽ കഴിയുന്ന പൗലോസിന്റെയും സീലാസിന്റെയും കാൽക്കൽ വീണ് കാവൽക്കാരൻ ചോദിക്കുകയാണ് "യജമാനന്മാരേ, രക്ഷ പ്രാപിക്കാൻ ഞാൻ എന്തുചെയ്യണം?" വചനം തന്നെ അതിന്റെ ഉത്തരം നമുക്കു മുമ്പിൽ വച്ചുനീട്ടുന്നു. "കർത്താവായ യേശു

വിൽ വിശ്വസിക്കുക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും.'' യോഹന്നാന്റെ സുവിശേഷം 10-ാം അദ്ധ്യായം 10-ാം തിരുവചനം ''ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്.'' വീണ്ടും അപ്പസ്തോല പ്രവർത്തനം 4-ാം അദ്ധ്യായം 12-ാം തിരുവചനം പറയുന്നു: ''മറ്റൊരുവനിലും രക്ഷയില്ല. ആകാശത്തിനു കീഴെ മനുഷ്യരുടെ ഇടയിൽ നമുക്ക് രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല.''

ദൈവസ്നേഹത്തിന്റ ഒരു പ്രത്യേകത എന്നത്, അത് നിത്യരക്ഷ പകർന്നുനൽകുന്നു അല്ലെങ്കിൽ നിത്യജീവൻ പകർന്നുനൽകുന്നു എന്നതാണ്. അവനിൽ വിശ്വസിക്കുന്ന ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കണം എന്നതാണ് ദൈവത്തിന്റെ ആഗ്രഹം. തന്റെ ഏകജാതനെ ഈ ലോകത്തിന് നൽകിക്കൊണ്ട് ദൈവം യാതൊരു പരിധിയുമില്ലാതെ, ഒരു വ്യവസ്ഥയുമില്ലാതെ ഈ ലോകത്തെ ഇത്രയധികം സ്നേഹിച്ചത് നിത്യജീവൻ പകർന്നുനൽകുന്നതിനു വേണ്ടിയാണ്.

നിത്യജീവൻ എന്ന പദം തന്നെ യോഹന്നാന്റെ സുവിശേഷത്തിൽ വളരെയേറെ പ്രാധാന്യത്തോടെയാണ് അവതരിപ്പിക്കപ്പെടുന്നത്. നിത്യജീവൻ എന്നത് ജീവന്റെ ഉറവിടമായ ദൈവത്തിലുള്ള ഒരു പങ്കുചേരലാണ്. അവിടുത്തെ പുത്രസ്വീകാര്യതയുടെയും ദൈവമക്കളായിത്തീരലിന്റെയും അർത്ഥവും ഇതു തന്നെയാണ്. പറുദീസായിൽ ആദിപാപം മൂലം നിത്യജീവൻ നഷ്ടപ്പെടുത്തിയ മനുഷ്യകുലം യേശുക്രിസ്തുവിലൂടെ നിത്യജീവനിലേയ്ക്ക് പ്രവേശിച്ചിരിക്കുന്നു. അതുകൊണ്ടാണ് നമുക്ക് നിത്യമായ ജീവൻ പ്രദാനം ചെയ്യുന്നതിനായി സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന ജീവനുള്ള അപ്പമായി ക്രിസ്തുവിനെ വിശേഷിപ്പിക്കുക. ക്രിസ്തുവാണ് നിത്യജീവന്റെ ഉറവിടവും മദ്ധ്യസ്ഥനും. ക്രിസ്തു തന്നെയാണ് നിത്യജീവന്റെ കർത്താവ്. ''ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും'' എന്ന ക്രിസ്തുമൊഴി ഈ സങ്കൽപത്തോട് ചേർത്തുവച്ച് വായിക്കുവാൻ കഴിയണം. നാം നിത്യജീവൻ പ്രാപിക്കേണ്ടതിനാണ് ക്രിസ്തു തന്റെ ശരീരത്തിൽ നമുക്കുവേണ്ടി പീഡകൾ സഹിച്ചതും നമ്മോടുള്ള സ്നേഹത്തെ പ്രതി അവിടുന്ന് കുരിശിൽ ഉയർത്തപ്പെട്ടതും.

പ്രിയമുള്ളവരേ, ഇതു തന്നെയാണ് ഇന്നത്തെ സുവിശേഷം നമ്മുടെ മുമ്പിൽ വച്ചുനീട്ടുന്ന രണ്ടാമത്തെ ചിന്ത. നിത്യജീവൻ പ്രാപിക്കുവാനായി നമ്മുടെ കണ്ണുകളെ, ഉയർത്തപ്പെട്ട കുരിശിലെ ക്രിസ്തുവിലേയ്ക്ക് തിരിക്കണം. ക്രിസ്തു തന്റെ കുരിശുമരണത്തിലൂടെ നമുക്ക് നിത്യജീവൻ നേടിത്തന്നു. ആയതിനാൽ, അവിടുന്നാണ് ജീവന്റെ ദാതാവ്. കാട്ടിലെ മുളങ്കൊമ്പുകൾക്ക് അവയുടെ മുറിവുകളിലൂടെ വളരെ മനോഹരമായ സംഗീതം പുറപ്പെടുവിക്കാനാകുമെങ്കിൽ, നാം തിരിച്ചറിയണം, ക്രിസ്തുവിന് തന്റെ കുരിശുമരണത്തിലൂടെ നമുക്ക് നിത്യജീവൻ നൽകുവാൻ കഴിയും. കടലിനടിയിലെ മുത്തുച്ചിപ്പികൾക്ക് തന്റെ മാംസളഭാഗത്ത് തുളഞ്ഞുകയറുന്ന മണൽത്തരികളെ മുത്തുകളാക്കി മാറ്റാൻ കഴിയുമെങ്കിൽ നാം മനസ്സിലാക്കേണ്ടതായ ഒരു യാഥാർത്ഥ്യമുണ്ട്, ക്രിസ്തുവിന് തന്റെ കുരിശുമരണത്തിലൂടെ അവിടുത്തെ തിരുവിലാവിൽ നിന്ന് ഒഴുകിയെത്തുന്ന തിരുച്ചോരത്തുള്ളികളാൽ നമുക്ക് നിത്യജീവൻ നൽകുവാൻ കഴിയും.

നിത്യജീവൻ പ്രാപിക്കുവാനായി നാം ചെയ്യേണ്ടത് ഒന്നുമാത്രം, കർത്താവായ യേശുവിൽ വിശ്വസിച്ച് പ്രത്യാശയോടെ അവിടുത്തെ കുരിശിൽ നോക്കുക. അനുദിനജീവിതത്തിലെ നമ്മുടെ കാഴ്ച്ചപ്പാടുകൾ, ദുഃഖങ്ങൾ, ദുരിതങ്ങൾ, വേദനകൾ എല്ലാം നമുക്ക് കുരിശോട് ചേർത്തുവയ്ക്കാം. കുരിശിലെ ക്രിസ്തുവിന്റെ വഴികൾ പിഞ്ചെന്ന് ക്രിസ്തുവിന് പ്രിയപ്പെട്ട ഒരു ശിഷ്യനായി മാറാം. അങ്ങനെ മറ്റൊരു ക്രിസ്തുവായിത്തീരുവാൻ നമുക്ക് പരിശ്രമിക്കാം, പ്രയത്നിക്കാം. അതിനായി നമുക്ക് വഴികാട്ടിയായി മുന്നേ നടക്കുന്ന നിത്യപ്രകാശമായ ക്രിസ്തുവിനെ നോക്കി യാത്ര ചെയ്യാം.

കുരിശിലെ ക്രിസ്തുവിന്റെ മുഖം ദർശിച്ചുകൊണ്ട് നമ്മുടെ ജീവിതത്തെ പ്രകാശിപ്പിക്കാം. അതുവഴി മറ്റുള്ളവർക്ക് വെളിച്ചമേകുന്ന മാർഗ്ഗദീപമായിത്തീരുവാൻ നമുക്ക് കഴിയട്ടെ. അവിടുന്ന് വാഗ്ദാനം ചെയ്തിരിക്കുന്ന നിത്യരക്ഷ സ്വന്തമാക്കുവാൻ കുരിശിന്റെ വഴിയിലൂടെ നടന്നുനീങ്ങുവാനുള്ള ശക്തി തരേണമേ എന്ന് ആത്മാർത്ഥമായി ഈ വിശുദ്ധ കുർബാനയുടെ വേളയിൽ നമുക്കും പ്രാർത്ഥിക്കാം. അനുദിനം ഉൾക്കൊള്ളുന്ന വിശുദ്ധ കുർബാനയിൽ നിന്നും ശക്തി സ്വീകരിച്ചുകൊണ്ട് കുരിശിലെ ക്രിസ്തുവിന്റെ വഴിയിലൂടെ നമുക്കും സഞ്ചരിക്കാം.

സർവ്വശക്തനായ ദൈവം നമ്മെ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.